ജന്മഭൂമി 31 March 2017

# സിഎംഎഫ്ആർഐക്ക് ബംഗാളിൽ ഗവേഷണ കേന്ദ്രം

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് (സിഎംഎഫ്ആർഐ) ബംഗാളിലെ ദിഘയിൽ പുതിയ ഗവേഷണ കേന്ദ്രം. 11-ാമത്തെ ഗവേഷണ കേന്ദ്രമാണിത്. ബംഗാളിലെയും ഒഡീഷയിലെയും സമുദ്ര മത്സ്യ മേഖലയുടെ വികസനത്തിനായുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകുക.

ബംഗാളികൾക്ക് ഏറ്റവും പ്രിയങ്കരമായ ഹിൽസ മത്സ്യത്തിന്റെ സംരക്ഷണത്തിനും സുസ്ഥിരമായ മത്സ്യബന്ധനത്തിനും ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾക്ക് പുതിയ ഗവേണകേന്ദ്രം ഊന്നൽ നൽകും.

സിഎംഎഫ്ആർഐ വികസിപ്പിച്ച കടൽമത്സ്യ കൂടുകൃഷി സമ്പ്രദായം പശ്ചിമബംഗാളിലെയും ഒഡീഷയിലെയും മത്സ്യത്തൊഴിലാളികൾക്കിടയിൽ ജനകീയമാക്കുന്നതിന് പുതിയ ഗവേഷണ കേന്ദ്രത്തിന് കീഴിൽ പ്രവർത്തനങ്ങൾ നടക്കും.

ഗുജറാത്തിലെ വെരാവൽ, മുംബൈ, കർണാടകയിലെ കാർവാർ, വിശാഖപട്ടണം, മംഗലാപുരം, ചെന്നൈ, തൂത്തുക്കുടി, മണ്ഡപം, കോഴിക്കോട്, വിഴിഞ്ഞം എന്നിവിടങ്ങളിലാണ് സിഎംഎഫ്ആർഐയുടെ മറ്റ് ഗവേഷണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.